**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 413** **23-02-2022 - ൽ മറുപടിയ്ക്ക്**

**കിഫ്ബി അധിക ധനസമാഹരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എം.സച്ചിൻദേവ് | | null<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തിന്റെ വിവിധ വികസന നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കുന്നതിനായി അധിക ധനസമാഹരണത്തിന് കിഫ്ബി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്; | (എ) | സംസ്ഥാനത്തെ വൻകിട അടിസ്ഥാന സൗകര്യ വികസനത്തിനു വേണ്ടി റോഡുകൾ, പാലങ്ങൾ, ഐ.ടി, വിദ്യാഭ്യാസം, ആരോഗ്യം, കുടിവെള്ള വിതരണം, ഇറിഗേഷൻ, ഗതാഗതം, ടൂറിസം, കായികം, , ഊർജ്ജം തുടങ്ങി വിവിധ മേഖലകളിലേക്കുള്ള 50,000 കോടി രൂപയുടെ മൂലധന നിക്ഷേപമാണ് കിഫ്ബി വഴി 2016ൽ സർക്കാർ വിഭാവനം ചെയ്തിരുന്നത്. എന്നാൽ ഇതിനോടകം 70,762 കോടി രൂപയുടെ 962 വൻകിട പദ്ധതികൾക്ക് കിഫ്ബി അംഗീകാരം നൽകി കഴിഞ്ഞു. 20,000 കോടി രൂപയുടെ സ്ഥലമെടുപ്പ്പാക്കേജിൽ ഉൾപ്പെടുത്തിക്കൊണ്ട് ദേശീയപാത വികസനത്തിന്റെ സ്ഥലമെടുപ്പിന് സംസ്ഥാന വിഹിതമായിയുള്ള 6769.01 കോടി രൂപയും, വ്യവസായ പാർക്കുകൾക്കായുള്ള 13988.63 കോടി രൂപയും, കൊച്ചി - ബാംഗ്ലൂർ വ്യവസായ ഇടനാഴിയ്ക്കുള്ള 1038.00 കോടി രൂപയും, HNL ന്റെ ഭൂമി ഏറ്റെടുക്കാനുള്ള 200.60 കോടി രൂപയും ഗിഫ്റ്റ് (ഗ്ലോബൽ ഇൻഡസ്ട്രിയൽ ഫിനാൻസ് ട്രേഡ്) സിറ്റിക്കായുള്ള 850 കോടി രൂപയും ഇതിൽ ഉൾപ്പെടുന്നു. കേരളത്തെ മെച്ചപ്പെട്ട ഒരു നിക്ഷേപ സൗഹൃദ സംസ്ഥാനമായി മാറ്റുന്നതിൽ ഈ പദ്ധതികൾ സുപ്രധാന പങ്കുവഹിക്കും എന്നുള്ളതിൽ സംശയമില്ല. നിലവിൽ വിവിധ ആഭ്യന്തര/ അന്താരാഷ്ട്ര നിക്ഷേപകരിൽ നിന്നുമായി 14,000 കോടി രൂപയുടെ നിക്ഷേപം കിഫ്ബി പദ്ധതികളിലേക്കായി ഉറപ്പുവരുത്തിയിട്ടുണ്ട്. ആദ്യ വർഷങ്ങളിൽ നിന്നും വിഭിന്നമായി കൂടുതൽ നിക്ഷേപകർ കിഫ്ബിയിൽ നിക്ഷേപം നടത്തുവാൻ താല്പര്യം കാണിച്ചുവരുന്നു. ലോകോത്തര നിലവാരത്തിലുള്ള സംവിധാനങ്ങളും സുതാര്യമായ പ്രവർത്തന രീതികളും കിഫ്ബിയിൽ നിക്ഷേപകരുടെ വിശ്വാസ്യത ഉയർത്തുന്ന പ്രധാന ഘടകങ്ങളാണ്. |

| | | | |
|---|---|---|---|
| (ബി) | നാളിതുവരെയായി കിഫ്ബി എത്ര കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾക്കാണ് അനുമതി നൽകിയിട്ടുള്ളത്? | (ബി) | നാളിതുവരെ 70,762 കോടി രൂപയുടെ 962 വൻകിട പദ്ധതികൾക്ക് കിഫ്ബി അംഗീകാരം നൽകി കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ